**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3394** **26-06-2024 - ൽ മറുപടിയ്ക്ക്**

**കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻകാർക്ക് ലഭിക്കാനുള്ള പെൻഷൻ കുടിശികയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 13 മാസത്തെ കുടിശ്ശിക പെൻഷനായി ആകെ 8,09,79,89,880 (എണ്ണൂറ്റി ഒൻപത് കോടി എഴുപത്തിഒൻപത് ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി എണ്ണൂറ്റിഎൺപത് രൂപ) നൽകുവാനുണ്ട്. അവയുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം- 1,38,30,08,160<br><br>കൊല്ലം-52,67,77,440<br><br>പത്തനംതിട്ട-32,31,78,400<br><br>ആലപ്പുഴ-42,79,92,640<br><br>കോട്ടയം-33,03,09,360<br><br>ഇടുക്കി-32,59,24,240<br><br>എറണാകുളം-92,28,18,360<br><br>തൃശ്ശൂർ-57,90,27,600<br><br>പാലക്കാട്-70,44,05,520<br><br>മലപ്പുറം-54,26,72,240<br><br>കോഴിക്കോട് -72,91,38,000<br><br>വയനാട് -7,79,44,400<br><br>കണ്ണൂർ -97,95,74,400<br><br>കാസർഗോഡ് -24,52,19,120<br><br>ആകെ - 8,09,79,89,880(എണ്ണൂറ്റി ഒൻപത് കോടി എഴുപത്തിഒൻപത് ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി എണ്ണൂറ്റിഎൺപത് രൂപ ) |

| | | | |
|---|---|---|---|
| (ബി) | ഏത് മാസം വരെയുള്ള പെൻഷനാണ് ഇവർക്ക് വിതരണം ചെയ്തിട്ടുള്ളതെന്നും എത്ര മാസത്തെ പെൻഷൻ കുടിശികയാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നും അറിയിക്കുമോ; | (ബി) | നിലവിൽ 2023 മെയ് മാസം വരെയുള്ള പെൻഷനാണ് വിതരണം നടത്തിയിട്ടുള്ളത്. നിലവിൽ 13 മാസത്തെ കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുവാനുണ്ട്. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും എ.എൽ.പി. 23218 നമ്പർ പ്രകാരം പെൻഷൻ ലഭിക്കുന്ന ഹരിപ്പാട് മണ്ഡലത്തിലെ പരിമണം, മുട്ടം പി.ഒ., ആയിരംപ്പള്ളിൽ ബാബുവർഗ്ഗീസിന് ഏത് മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെന്നും ശേഷിക്കുന്ന മാസങ്ങളിലേക്കുള്ള കുടിശിക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | **ആലപ്പുഴ ജില്ലയിൽ നിന്നും എ.എൽ.പി 23218 നമ്പർ പ്രകാരം പെൻഷൻ ലഭിക്കുന്ന ശ്രീ. ബാബുവർഗ്ഗീസിന് 2023 മെയ് മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പ് മുഖേന പിരിച്ചിരുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനുള്ള അനുമതി 14.02.2024 തീയതിയിലെ സ.ഉ(കൈ) നം. 23/2024/ എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം ലഭിച്ചിട്ടുണ്ട്. സെസ്സ് പിരിവ് കാര്യക്ഷമമാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി കുടിശ്ശിക പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ